(സി) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പെൻഷൻ പദ്ധതികളും മറ്റുധനസഹായങ്ങളും 2013 ഏപ്രിൽ 1 മുതൽ UID നിർബന്ധമാക്കി ബാങ്ക് അക്കൗണ്ട്, പോസ്റ്റ് ഓഫീസ്, ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട്വഴി വിതരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## സാമൂഹ്യസുരക്ഷാ പെൻഷനുകൾ

265 (1616) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എന്തെല്ലാം സാമൂഹ്യസുരക്ഷാ പെൻഷനുകളാണ് നൽകിവരുന്നത് ;

(ബി) ഓരോന്നിനും എത്ര തുക വീതമാണ് പെൻഷനായി നൽകുന്നത് ;

(സി) ഇവയിൽ ഓരോ പെൻഷനും എത്ര തവണ വീതം കുടിശ്ശികയുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) കുടിശ്ശിക നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

## ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിൽ നടപ്പിലാക്കിവരുന്ന ക്ഷേമപെൻഷനുകളാണ് വികലാംഗപെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ.

(ബി) ടി പെൻഷൻ പദ്ധതികളിൽ പ്രതിമാസം നൽകുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. | വികലാംഗപെൻഷൻ | .. 525 രൂപ |
| | (a) 80% മുകളിൽ വൈകല്യമുള്ളവർക്കുള്ള വികലാംഗ പെൻഷൻ | .. 700 രൂപ |
| 2. | അഗതി (വിധവ) പെൻഷൻ | .. 525 രൂപ |
| 3. | ദേശീയ വാർദ്ധക്യകാല പെൻഷൻ | .. 400 രൂപ |
| | (a) 80 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കുള്ള വാർദ്ധക്യകാലപെൻഷൻ | .. 900 രൂപ |
| 4. | 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | .. 525 രൂപ |

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഈ സാമ്പത്തിക വർഷം ഈയിനത്തിൽ ലഭിച്ച തുക മുഴുവനും ഇതിനകം തന്നെ പെൻഷൻ വിതരണത്തിനായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്.

## സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ

266 (1617) ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ ഏതെല്ലാമെന്നുവിശദമാക്കുമോ ;

(ബി) ഈ പദ്ധതികളിൽനിന്നും ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) ഓരോ പദ്ധതിക്കും നീക്കിവെച്ചിട്ടുള്ള തുക എത്രയെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കേരള സാമൂഹ്യസുരക്ഷാ മിഷൻ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. ക്യാൻസർ സുരക്ഷാ പദ്ധതി
2. താലോലം പദ്ധതി
3. ആശ്വാസ കിരണം പദ്ധതി
4. സ്നേഹസ്പർശം പദ്ധതി
5. സ്നേഹസാന്ത്വനം പദ്ധതി
6. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി
7. വയോമിത്രം പദ്ധതി
8. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണൽ കെയർ പ്രൊവൈഡേഴ്സിനെ അനുവദിക്കുന്ന പദ്ധതി
9. വിശപ്പുരഹിത നഗരം പദ്ധതി
10. ശ്രുതിതരംഗം പദ്ധതി
11. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി
12. സ്നേഹപൂർവ്വം പദ്ധതി
13. ഒ.ആർ.സി. പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly